വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അവരുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ കണക്കിലെടുത്ത് സീനിയോറിട്ടി ക്രമത്തിലാണ് നാമനിർദ്ദേശം ചെയ്തുവരുന്നത്. ഒരു താൽക്കാലിക ഒഴിവിന് ഒൻപതു പേരെ നാമനിർദ്ദേശം ചെയ്യപ്പെടുന്നുമുണ്ട്.

തൃശ്ശൂരിലെ നോക്കുകൂലി പ്രശ്നം

53 [2825] ശ്രീ. ഡി. സുഗതൻ :

,, സി. പി. മുഹമ്മദ് :

,, എ. സുജനപാൽ :

,, ടി. യു. രാധാകൃഷ്ണൻ :

,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ ചെയ്യാതെ കൂലി ആവശ്യപ്പെടുന്ന ചുമട്ടുതൊഴിലാളികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ ചെയ്യാതെ കൂലി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ ജോലികൾ നിർവഹിക്കേണ്ടതില്ലെന്ന് പ്രസ്തുത കോർപ്പറേഷനിലെ വർക്ക് കോൺട്രാക്ടർമാർ തീരുമാനിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി പഞ്ചായത്തിൽ ഇത്തരമൊരു പ്രവണതയുള്ളതായി പേരു വെളിപ്പെടുത്താതെ ഒരു പരാതി ലേബർ കമ്മീഷണർക്ക് ലഭിച്ചു. അതിൻമേൽ അന്വേഷണം നടത്തിയെങ്കിലും കൂടുതൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞില്ല.

(ബി) മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ ജോലികൾ നിർവ്വഹിക്കേണ്ടതില്ല എന്ന് തീരുമാനമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ ടിപ്പർ ലോറിയിൽ മരാമത്ത് പണിക്ക് ആവശ്യമായ മെറ്റീരിയൽസ് ഇറക്കുമ്പോൾ നോക്കുകൂലി ആവശ്യപ്പെട്ട് വിവിധ തൊഴിലാളി യൂണിയനുകളിൽപ്പെട്ട തൊഴിലാളികൾ തൊഴിൽ തടസ്സം സൃഷ്ടിക്കുന്നതായി 3-1-2005-ൽ തൃശ്ശൂർ കോർപ്പറേഷൻ കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

പരാതി സമർപ്പിച്ചിരുന്നു. ടിപ്പർ ലോറിയിൽ ചരക്കിറക്കുന്നതു സംബന്ധിച്ച് പൊതുവായ പരാതി തീരുമാനമെടുക്കുന്നതിന് കളക്ടറുടെ മുൻപാകെയുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട സംഘടനകളുമായി ചർച്ചയിലിരിക്കയാണ്.

വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

54 [2826] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് പൂട്ടിയിട്ട് എത്ര നാളായി എന്നറിയിക്കാമോ; പ്രസ്തുത ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തൊഴിലാളികളാണ് പ്രസ്തുത ഫാക്ടറിയിൽ ജോലി ചെയ്തിരുന്നത്;

(ഡി) സ്ഥാപനം പൂട്ടിയതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ തൊഴിലാളികൾക്ക് നൽകിയത്?

ഉത്തരം

(എ) കണ്ണൂരിലെ വെസ്റ്റേൺ ഇന്ത്യാ കോട്ടൺസിലെ വീവിംഗ് വിഭാഗം 17-10-2003-മുതലും സ്പിന്നിംഗ് വിഭാഗം 24-10-2003 മുതലും മില്ല് പൂർണ്ണമായും 15-11-2003 മുതലും പ്രവർത്തനം നിലച്ചിരിക്കുകയാണ്. പൂട്ടിയതല്ല. 16 മാസത്തോളമായി അടഞ്ഞുകിടക്കുകയാണ്. എന്നാൽ നിയമപ്രകാരം ഈ സ്ഥാപനം വീണ്ടും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഇടപെട്ട് റീജ്യണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും പിന്നീട് ലേബർ കമ്മീഷണർ തലത്തിലും നിരവധി തവണ ചർച്ചകൾ നടത്തി എങ്കിലും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായില്ല. അതിനുശേഷം 12-2-04, 28-2-04, 21-4-04, '11-6-04, 6-7-04, 7-7-04, 30-11-04 എന്നീ തീയതികളിൽ എന്റെ സാന്നിദ്ധ്യത്തിൽ തന്നെ ബന്ധപ്പെട്ട കക്ഷികളുടെ അനുരഞ്ജന യോഗങ്ങൾ നടത്തുകയുണ്ടായി. ഇതിൽ 7-7-04-ന് ചേർന്ന യോഗത്തിൽ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനും 12-2-04, 21-4-04, 6-7-04 എന്നീ തീയതികളിലെ യോഗങ്ങളിൽ ശ്രീ. ടി. കെ. ബാലൻ എം.എൽ.എ.-യും പങ്കെടുത്തിരുന്നു. ഏറ്റവും ഒടുവിലായി 28-2-05-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊഴിലുടമയുടെയും ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യോഗം നടത്തിയെങ്കിലും മാനേജ്മെന്റിന്റെ നിലപാടിൽ മാറ്റം വരാത്തതിനാൽ ഒത്തുതീർപ്പിലെത്തുവാനും മില്ല് തുറക്കുവാനും കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly